ഉത്തരം

(എ) ഇല്ല.

(ബി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ പുതുതായി ചന്ദന ഫാക്ടറി അനുവദിക്കുന്നതിന് മുന്ന് അപേക്ഷകൾ ലഭിച്ചിരുന്നു. ഇവ അനുവദിച്ചാൽ അത് വനസംരക്ഷണത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ ഈ മൂന്ന് അപേക്ഷകളും നിരസിച്ചിട്ടുണ്ട്. അപേക്ഷകരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

അപേക്ഷകന്റെ പേരും മേൽവിലാസവും	ചന്ദനഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലം
1. അബ്ദുൽ നസീർ, മാനേജിംഗ് പാർട്ട്ണർ, റോയൽ പെർഫ്യൂംസ്, കിണർപ്പള്ളം, പാലക്കാട്.	ചിറ്റൂർ താലൂക്കിൽപ്പെട്ട വടകരപ്പതി ഗ്രാമപഞ്ചായത്തിൽ കിണർപ്പള്ളം.
2. എം. കെ. സലിം ആൻഡ് കെ. എം. കുഞ്ഞ്മൊയ്ദീൻ, മാനേജിംഗ് പാർട്ട്ണർ, സൗത്ത് ഇൻഡ്യാ പെർഫ്യൂംസ് കമ്പനി, വണ്ണാമട, ഗോപാലപുരം, ചിറ്റൂർ താലൂക്ക്.	ചിറ്റൂർ താലൂക്കിൽ കോഴിപ്പതി വില്ലേജിൽ ഗോപാലപുരം.
3. എം. വേലുസ്വാമി, വീനസ് ഇൻഡസ്ട്രി, നടുപുളി, ആർ.വി.പൊതൂർ, ഇരുത്തേടൻപതി വില്ലേജ്, ചിറ്റൂർ താലൂക്ക്.	ഡോർ നമ്പർ 5/527, നടുപുളി, ആർ.വി. പൊതൂർ.

(സി) ഉണ്ട്.

(ഡി) 11-11-1992-ലെ ജി.ഒ. (പി) 44/92/വനം എന്ന ഉത്തരവ് പ്രകാരം വനാതിർത്തിയിൽനിന്നും അഞ്ചു കിലോമീറ്ററിനുള്ളിൽ വനോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായസ്ഥാപനങ്ങൾ അനുവദിക്കുവാൻ പാടില്ലെന്ന് ഉത്തരവായിട്ടുണ്ട്, 4-6-1993-ലെ 26206/ജി3/93/തദവ. നമ്പർ സർക്കുലർ പ്രകാരം വനോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കി ഉള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതിയോടുകൂടി മാത്രമേ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തേക്കുമരങ്ങളിൽ പടർന്നുവളരുന്ന ഇത്തിൾ വെട്ടിമാറ്റി മരം സംരക്ഷിക്കുന്നതിന് നടപടി

45. [1531] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വനംവകുപ്പുവക തോട്ടങ്ങളിലെ തേക്കുമരങ്ങളിൽ ഇത്തിൾ ചെടികൾ പടർന്ന് വളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തിൾ വെട്ടിമാറ്റി മരം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) തേക്ക് മരങ്ങളുടെ സംരക്ഷണത്തിന് വനംവകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തിരി വെട്ടിമാറ്റി മരങ്ങൾ സംരക്ഷിക്കുന്നതിന് ഇപ്പോൾതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തേക്ക് നട്ടുപിടിപ്പിച്ച് ആദ്യത്തെ വർഷങ്ങളിൽ കാലാകാലങ്ങളിൽ കാടുവെട്ടുക, ഒന്നിൽ കൂടുതലുള്ള ശിഖരങ്ങൾ മുറിച്ചുമാറ്റുക, ഉണങ്ങിപ്പോയ തൈകൾക്കുപകരം തൈകൾ വയ്ക്കുക തുടങ്ങിയ പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ തീപിടിക്കാതെയും കാലികൾ മേയാതെയും വേണ്ട പരിചരണം ചെയ്തു സൂക്ഷിച്ചുമാണ് തേക്കുതൈകളുടെയും മരങ്ങളുടെയും സംരക്ഷണം നടത്തുന്നത്.

കടുവകളുടെയും കാട്ടുപോത്തുകളുടെയും എണ്ണം

46. [1532] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ കടുവ, കാട്ടുപോത്ത് എന്നിവ എത്രവീതം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ) 1993-ലെ കണക്കുപ്രകാരം 76 കടുവകളും 4840 കാട്ടുപോത്തുകളും ഉണ്ട്.

അരുവിക്കരയിൽ ഡിയർ പാർക്ക്

47. [1533] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് അരുവിക്കരയിൽ ഒരു ഡിയർ പാർക്ക് നിർമ്മിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ നടപടി ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി) ഇല്ല.

ചുള്ളിമാനൂർ ഫോറസ്റ്റ് കൺട്രോൾ റൂമിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ നടപടി

48. [1534] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ചുള്ളിമാനൂർ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് കൺട്രോൾ റൂമിൽ ടെലിഫോൺ സൗകര്യം ഇല്ല എന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനവിഭവങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വിവരം പൊതുജനങ്ങൾക്ക് ഈ കേന്ദ്രത്തിലറിയിക്കാൻ അടിയന്തിരമായി ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly